# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3698 — 17.12.2015 ൽ മറുപടിയ്ക്ക്

## ജാസ്മി മൻസിലിലെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജസ്മി, സജ്ന, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീൻ മകൾ ജാസ്മി, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 കേസിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജൂഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചു വരുന്നതും അന്വേഷണം പുരോഗമിച്ചു വരുന്നതുമാകുന്നു. മേൽ സംഭവത്തിൽ ആത്മഹത്യ ചെയ്ത ജാസ്മിയുടെ സഹോദരി 27 വയസുള്ള സജ്ന 30.11.2015 തീയതി വെളുപ്പിന് കരിക്കകം അറപ്പുരവിളാകം ക്ഷേത്രത്തിന് സമീപം റെയിൽവേ ട്രാക്കിൽ ഏതോ ട്രെയിനിനു മുന്നിൽ ചാടി മരണപ്പെട്ട നിലയിൽ കാണപ്പെട്ടതിലേക്ക് പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 1422/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ടി സജ്ന എഴുതിയ ആത്മഹത്യാകുറിപ്പ് കണ്ടെത്തിയിട്ടുള്ളതും ടി ആത്മഹത്യാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചെറുക്കാട് വട്ടക്കൈത എം.എസ് മൻസിലിൽ ജമീലാ ബീവി മകൾ മുംതാസ് , പുതുശ്ശേരിമുക്ക് വണ്ടിത്തടം മുസ്ലീം എൽ.പി.എസ് ന് സമീപം കെ.സി. ഹൗസിൽ ജമീലാ ബീവി മകൾ മെഹർബാൻ എന്നിവരെ ഒന്നും രണ്ടും പ്രതികളായി ചേർത്ത് വകുപ്പ് 306 & 34 IPC പ്രകാരം അന്വേഷണം നടത്തി വരുന്നു. |

| | |
|---|---|
| (ബി) കേസ് അന്വേഷിക്കുന്നത് ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്നും കേസ് നമ്പരും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത രണ്ട് കേസുകളും(Cr.1420/15, 1422/15) പേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തി വരുന്നത്.<br>1. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 u/s 420, 306, 406, 506(i) & 34 IPC.<br>2. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1422/2015 u/s 306 &34 IPC. |
| (സി) പ്രസ്തുത കേസിൽ പ്രതി ചേർത്തിട്ടുള്ളത് ആരെയെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) നാസർ S/o ഷൗക്കത്ത് അലി(1), മുംതാസ് D/o ജമീലാ ബീവി (2) മെഹർബാൻ D/o ജമീലാ ബീവി(3) എന്നിവരാണ് ക്രൈം നമ്പർ 1420/2015 കേസിലെ പ്രതികൾ.<br>മുംതാസ് D/o ജമീലാ ബീവി (1) മെഹർബാൻ D/o ജമീലാ ബീവി(2) എന്നിവർ ക്രൈം നമ്പർ 1422/2015 കേസിലെ പ്രതികളാണ്. |

സെക്ഷൻ ഓഫീസർ